# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1080 | | | 30.09.2016-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **നഗരസഭകളും മുൻസിപ്പാലിറ്റികളും** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.പി.ബി.അബ്ദുൽ റസാക്ക്** | | | **ശ്രീ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| (എ) | സംസ്ഥാനത്തെ നഗരസഭകളും, മുനിസിപ്പാലിറ്റികളും, "ചവറുകൾ ഇവിടെ നിക്ഷേപിക്കരുത്" എന്ന് നിഷ്കർഷിച്ച് ബോർഡ് വച്ചിട്ടുള്ളതുപോലെ ചവർ നിക്ഷേപ കേന്ദ്രങ്ങൾ സൂചിപ്പിച്ചു കൊണ്ടുള്ള ബോർഡുകൾ കൂടി സ്ഥാപിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനുമുള്ള പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ചവർ നിക്ഷേപ കേന്ദ്രങ്ങൾ എന്ന ബോർഡ് സ്ഥാപിച്ച് മാലിന്യം സ്വീകരിച്ചാൽ അവ സംസ്കരിക്കുന്നതിന് പൊതു പ്ലാന്റുകൾ ആവശ്യമായി വരും. സംസ്ഥാനത്ത് പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കുന്നതിനെതിരെ പൊതുജന രോഷം ഉയർന്നുവരുന്നതിനാൽ ചവർ നിക്ഷേപ കേന്ദ്രങ്ങൾ എന്ന് സൂചിപ്പിച്ചു കൊണ്ടുള്ള ബോർഡു വച്ച് മാലിന്യം ശേഖരിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. അതേ സമയം കമ്മ്യൂണിറ്റിതല കമ്പോസ്റ്റിങ് യൂണിറ്റുകൾ, തരംതിരിച്ച അജൈവ മാലിന്യ ശേഖരണ കിയോസ്കുകൾ എന്നീ കേന്ദ്രങ്ങൾ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമുണ്ട്. |
| (ബി) | ജനക്ഷേമത്തിനായുള്ള സേവനം കൂടി നല്കാൻ ആവശ്യമായ നിർദ്ദേശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ജനക്ഷേമത്തിനായുള്ള ധാരാളം പ്രവർത്തനങ്ങളും, പദ്ധതികളും ഇപ്പോൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിന്റെ പട്ടിക-1ൽ നഗരസഭകൾ ഏറ്റെടുത്തുനടത്തേണ്ടതായ ക്ഷേമ/വികസന പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ